എ.യു.പി.എസ്
ചമ്രവട്ടം

# അക്കാദമിക് മാസ്റ്റർ പ്ലാൻ...
# 2025-26

## ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ട് നയിക്കാൻ കുട്ടികളെ പ്രാപ്തരാക്കുകയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. അതിനായി എല്ലാ കുട്ടികളെയും ഉൾക്കൊളളിച്ച് കൊണ്ട് തുല്യതയും ഗുണനിലവാരവുമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനുള്ള പഠനാവസരങ്ങൾ ഉറപ്പാക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് ഉദ്ദേശം. അനുസ്യൂതം മാറികൊണ്ടിരിക്കുന്ന ലോകക്രമത്തിൽ കാലാനുസൃതമായ മാറ്റങ്ങളോടെ 'അക്കാദമിക മാസ്റ്റർ പ്ലാൻ' പുനർനിർമ്മിക്കേണ്ടതുണ്ട്. കോവിഡ് മഹാമാരി വിദ്യാഭ്യാസരംഗത്ത് സൃഷ്ടിച്ച പ്രതിസന്ധി പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തേണ്ടതുണ്ട്. വിദ്യാഭ്യാസ അവകാശനിയമത്തിൽ പരാമർശിക്കുന്ന വിദ്യാർത്ഥിയുടെ അവകാശമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും എന്ന ലക്ഷ്യം നിറവേറ്റുന്നതിന് നമ്മുടെ വിദ്യാലയങ്ങളെ മാറ്റിയെടുക്കേണ്ടതുണ്ട്. അതിനായി വിദ്യാലയ സമൂഹവും അധ്യാപകരും വിദ്യാഭ്യാസ സംവിധാനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കൂട്ടായി യത്നിക്കണം. ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠന നേട്ടങ്ങൾ, ആധുനിക സാങ്കേതിക വിദ്യകളെ പരമാവധി പ്രയോജനപ്പെടുത്തി, ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ നല്ല പഠനാന്തരീക്ഷം സംജാതമാകുവാൻ അക്കാദമിക മാസ്റ്റർ പ്ലാനുകൾ ശരിയായ രീതിയിൽ ആസൂത്രണം ചെയ്യേണ്ടതാണ്.

**ലക്ഷ്യങ്ങൾ**

ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനങ്ങളും അങ്ങേയറ്റം ആസ്വാദ്യകര മാക്കുന്ന

- ഭാഷാ വിഷയങ്ങളിൽ മുഴുവൻ കുട്ടികൾക്കും ആശയഗ്രഹണത്തോടെ വായക്കാനും എഴുതാനും കഴിവുണ്ടാക്കുക.
- ആശയങ്ങൾ, അറിവുകൾ, അനുഭവങ്ങൾന്ന മുന്നറിവുകൾ എന്നിവയുടെ വെളിച്ചത്തിൽ സർഗാത്മക രചനകളിൽ ഏർപ്പെടുന്നതിനും അവതരിപ്പിക്കുന്നതിനും കഴിവുള്ളരാക്കുക.
- ഗണിതപഠനം ഉല്ലാസപ്രദവും കൗതുകകരവുമാക്കി മുഴുവാൻ കുട്ടികൾക്കും ഗണിത ശേഷികൾ ഉറപ്പാക്കുക.
- മുഴുവൻ കുട്ടികളേയും മികച്ച പ്രശ്നപരിഹരണശേഷിയുള്ളവരാക്കി മാറ്റുക.
- പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തുക, സഹജീവി സ്നേഹം, അലിവ്, ആർദ്രത, സഹിഷ്ണുത, അനുതാപം, എന്നിങ്ങനെയുള്ള മനോഭാവങ്ങൾ വളർത്തി കുട്ടികളെ ഉത്തമ പൗരരാക്കി മാറ്റുക ക്ലാസ്സ് മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമെ, കലാകായിക പ്രവൃത്തി പരിചയ പഠനപ്രവർത്തനങ്ങളിലെ സജീവ ഇടപെടൽ.
- പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

## ക്ലാസ്സ് : ഒന്നാം തരം

### ആമുഖം

2022-2023 അധ്യയന വർഷത്തിലെ ഒന്നാം തരത്തിലുള്ള വിദ്യാർത്ഥികളെ പരിഗണിച്ച് കൊണ്ടുള്ള പഠന പ്രവർത്തനങ്ങളും വികാസവും താൽപര്യങ്ങൾക്കും ആണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. വിഷയബന്ധിതമായി പഠനത്തിലൂടെ പഠിതാവ് ആർജിക്കേണ്ട അറിവ്, ശേഷികൾ, മൂല്യങ്ങൾ, മനോഭാവങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് ഈ രേഖ തയ്യാറാക്കിയിരിക്കുന്നത്.

### ലക്ഷ്യങ്ങൾ

- ❖ ആശയ സ്വീകരണത്തിന് ശ്രവണം, ഭാഷണം, വായന, എഴുത്ത് എന്നീ മാർഗങ്ങൾ സ്വീകരിച്ച് ഭാഷാപഠനപരമായ പിന്നോക്കാവസ്ഥ പരിഹരിക്കണം.
- ❖ പരിസരപഠനത്തിൽ നിരീക്ഷണം, പ്രകൃതിയെ അറിയുക, വർഗീകരണം, ആശയ വിനിമയം ചെയ്യൽ, ഭാവന, അന്വേഷണ ത്വര എന്നിവ ഉദ്ഗ്രഥിത പഠനത്തിലൂടെ ലക്ഷ്യമിടുന്നു.
- ❖ ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കാൻ ഗണിതത്തെ ഉപയോഗപ്പെടുത്തുന്നു.
- ❖ സർഗാത്മക ചിന്ത വളർത്തുക, കൃത്യതയോടെയും, സൂക്ഷ്മതയോടെയും കാര്യങ്ങൾ ചെയ്യുന്നു.

<table>
<tr><th colspan="4">ഭാഷ<br>മേഖല : ശ്രവണം, വായന, ലേഖനം</th></tr>
<tr><th>പദ്ധതി</th><th>പ്രവർത്തനങ്ങൾ</th><th>കാലയളവ്</th><th>ഭൗതികം / പിന്തുണ</th></tr>
<tr><td>അടിസ്ഥാനശേഷി ഉറപ്പിക്കൽ</td><td>* അക്ഷരം ഉറപ്പിക്കൽ.<br>* അക്ഷരകാർഡ് നൽകൽ.<br>* ചിത്രം നോക്കി വാക്കുകൾ പറയിപ്പിക്കൽ.<br>* I C T സാധ്യത പ്രയോജനപ്പെടുത്തി ഉച്ചാരണത്തോടെ വാക്കുകൾ പറയിപ്പിക്കൽ.<br>* അക്ഷരപാട്ടുകൾ പാടിക്കൽ<br>* ചിത്രം നോക്കി കഥ പറയിക്കൽ.<br>* പിന്നോക്കക്കാർക്ക് പ്രത്യേക പരിശീലനക്ലാസ്സ് നൽകൽ.</td><td>3 മാസം</td><td>അക്ഷരകാർഡ്<br>ചിത്രകാർഡ്<br>ICT<br>PTA</td></tr>
</table>

| | | | |
|---|---|---|---|
| വായനാകേളികൾ ഉപയോഗിച്ച് കുട്ടികളെ വായനയിലേക്ക് ആകർഷിക്കുന്നു | * ചെറുവാക്യങ്ങൾ അടങ്ങുന്ന കഥകൾ, കളർ ചിത്രത്തിലൂടെയും പ്രദർശിപ്പിച്ച് വായിക്കാനവസരം നൽകൽ.<br><br>* അക്ഷരങ്ങൾ ഉപയോഗിച്ച് പദസൂര്യൻ നിർമ്മിക്കൽ | 6 മാസം | ചെറുകഥകൾ<br><br>വാക്യകാർഡ്<br><br>അക്ഷരകാർഡ്<br><br>C D<br><br>പുസ്തകങ്ങൾ |
| സ്വതന്ത്രമായി കഥ പറയിപ്പിക്കൽ | * ചിത്രം നോക്കി വാക്കുകളും വാക്യങ്ങളും എഴുതൽ<br><br>* കഥകളും മറ്റും ആശയം ഉൾക്കൊണ്ട് ആവശ്യമായ ഭാവത്തോടും ശബ്ദവ്യതിയാനത്തോടെയും അവതരിപ്പിക്കൽ<br><br>* അഭിനയത്തിന് അവസരം നൽകൽ | | I C T<br><br>P T A |

## ഗണിതം

മേഖല : സംഖ്യാബോധം, പ്രായോഗിക പ്രശ്നപരിഹരണം

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | പിന്തുണ |
|---|---|---|---|
| ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കാൻ ഗണിതത്തെ ഉപയോഗപ്പെടുത്തുക. | * ചെറുത് വലുത് അടുത്ത് അകലെ കൂടുതൽ കുറവ് എന്നീ ആശയങ്ങൾ ഗ്രഹിക്കുന്നതിനായി ചെറുതും വലുതുമായ വസ്തുക്കൾ പ്രദർശിപ്പിക്കുന്നു അവ അപഗ്രഥിച്ച് കണ്ടെത്താനവസരം നൽകുന്നു.<br><br>*അവരുടെ കയ്യിൽ ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ച് വിശകലനം നടത്താൻ അവസരം നൽകുന്നു | 2 മാസം | ചെറുതും വലുതുമായ വിവിധതരം വസ്തുക്കൾ<br><br>സ്കെയിൽ<br><br>പെൻസിൽ<br><br>പേന<br><br>I C T |
| സംഖ്യകൾ. തിരിച്ചറിയൽ, പരിചയപ്പെടൽ, സംഖ്യകളെ വ്യാഖ്യാനിക്കൽ | * സംഖ്യ കാർഡുകൾ നൽകൽ<br>* സംഖ്യകൾ പരിചയപ്പെടൽ<br>* സംഖ്യ ചിത്രങ്ങൾ വരയ്ക്കാൻ അവസരം നൽകുന്നു. | | |

## ഭാഷ

### ശില്പശാല

സചിത്ര നോട്ട്ബുക്ക് തയ്യാറാക്കുന്നതിന് ഓരോ കുട്ടിക്കും പഠനോപകരണങ്ങൾ ആവശ്യമാണ്. അതിനായി രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ ഒരു മാസത്തെ പഠനോപകരണങ്ങൾ ഒന്നിച്ച് തയ്യാറാക്കാവുന്നതാണ്. എന്തിനാണ് ഇത്തരം ശില്പശാല പഠനോപകരണങ്ങൾ എന്നത് സംബന്ധിച്ച് രക്ഷിതാക്കൾക്ക് ധാരണ നൽകേണ്ടതാണ്.

### സചിത്ര പുസ്തകം

ശക്തമായ ദൃശ്യാനുഭവത്തിന്റെ അടിസ്ഥാനത്തിൽ ആശയരൂപീകരണത്തിനുള്ള മാർഗം. കലാപരമായ പ്രവർത്തനങ്ങൾ. ഓരോ ദിവസവും കുട്ടിക്ക് പുതുമയും വൈവിധ്യമാർന്നതുമായ പ്രവർത്തനങ്ങൾ, ചിട്ടയായ രേഖപ്പെടുത്തൽ. വായനയിലേക്കുള്ള സ്വാഭാവിക വരവ് വിപുലീകരണ പാഠങ്ങൾക്ക് സാധ്യത. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് ബഹു ഇന്ദ്രിയാനുഭവ പഠനത്തിന് വഴിയൊരുക്കുന്നു.

### സംയുക്ത ഡയറി

കുട്ടിയുടെ സ്വതന്ത്ര രചനാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനമാണിത്. സ്വന്തമായ രചന, ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നു.കുട്ടിയും രക്ഷിതാവും ചേർന്നാണ് ഡയറി എഴുതേണ്ടത്. ആശയവതരണ രീതിയുടെ ഉയർന്ന രൂപങ്ങളിൽ ഒന്നാണിത്.

### വായനോത്സവം

കുട്ടികളെ സ്വതന്ത്രവായനക്കാരനാക്കി മാറ്റുന്ന പുസ്തകങ്ങൾ വായിച്ചു കേൾക്കുന്നതിലൂടെ കുട്ടിയുടെ പദസമ്പത്ത് വർദ്ധിക്കുന്നു.കേട്ട് ആശയം ഗ്രഹിക്കുന്നതിനുള്ള
കഴിവ് വർദ്ധിക്കുന്നു. ഗ്രാഫിക് റീഡിങ്ങ് നടക്കുന്നു.
പുസ്തകളോട് താൽപര്യം വർദ്ധിക്കുന്നു. സംയുക്ത വായനയിലൂടെ രക്ഷിതാക്കളും കുട്ടിയുടെയും വായന, പങ്കാളിത്തം ഉറപ്പാക്കുന്നു.

### രചനോത്സവം

കുട്ടിയുടെ സർഗാത്മക ശേഷി വികസനത്തിനും സ്വതന്ത്ര രചനക്കും അവസരം. ഭാവന ഉണർത്തുന്ന ചിത്രങ്ങളാണ് രചനോത്സവത്തിനായി തിരഞ്ഞെടുക്കേണ്ടത്. ഇത്തരം കാര്യങ്ങൾ രക്ഷിതാക്കളെ ബോധവാൻമാരാക്കാനായി രക്ഷിതാക്കൾക്കായി രചനോത്സ ശില്പശാല സംഘടിപ്പിക്കണം.

### അനുരൂപീകരണ പഠനാനുഭവങ്ങൾ ഒരുക്കൽ

ഭിന്നശേഷിക്കാരായ കുട്ടികളും പാർശ്വവൽകൃത വിഭാഗത്തിലെ കുട്ടികളും ഉൾക്കൊള്ളുന്ന പഠനാനുഭവങ്ങൾ ഒരുക്കുക. അതിലൂടെ അവരെ കൊണ്ട്പോവുക. പാഠഭാഗങ്ങൾ ഗോത്രവിഭാഗങ്ങൾക്ക് ഗോത്രഭഷയിലും വിനിമയം ചെയ്യുക.

| | | | |
|---|---|---|---|
| ഉല്ലാസഗണിതം | * ഒരു സംഖ്യ നൽകി വ്യാഖ്യാനം സംബന്ധിച്ച സ്ട്രിപ്പുകൾ നൽകുന്നു<br><br>* പുളിങ്കുരു, മഞ്ചാടി എന്നിവ നൽകി കൂട്ടങ്ങളാക്കാനും, ക്രിയകൾ ചെയ്യാനും, അവസരം നൽകൽ<br><br>*വിവിധതരം കളികളിൽ ഏർപ്പെടൽ<br><br>* സംഖ്യ കാർഡ്, കളിനോട്ടുകൾ ഡൈസ്, കളി, എന്നിവയിലൂടെ മൂല്യം തിരിച്ചറിയാൻ അവസരം നൽകുന്നു. ഗണിത പാറ്റേൺ ഉപയോഗിച്ച് വിവിധ രൂപങ്ങൾ നിർമ്മിക്കാൻ ആവശ്യപ്പെടുന്നു.<br><br>* ഗ്ലാസ്സുകളി, ഈർക്കിൽ ഉപയോഗിച്ചുള്ള കളികൾ എന്നിവ ചെയ്യിക്കാം. | 10 മാസം | ചിത്രങ്ങൾ<br>പേപ്പർ<br>ഗ്ലാസ്സ്<br>PTA<br>MPTA<br>BRC<br>ICT |

## രണ്ടാം തരം

### ആമുഖം

നമ്മുടെ വിദ്യാലയങ്ങളെ മികവിൻറെ കേന്ദ്രങ്ങളാക്കി മാറ്റി രൂപപ്പെടുത്തുന്നതിൽ അക്കാദമിക മാസ്റ്റർ പ്ലാനിന് ഏറെ പ്രാധാന്യമുണ്ട്. രണ്ടാം തരത്തിലെ ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠന പ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കാനും കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കാനും ഉള്ള പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുകൊണ്ട് ഈ മാസ്റ്റർ പ്ലാൻ ഞങ്ങൾ രൂപപ്പെടുത്തുന്നു. വിദ്യാലയത്തിലെ എല്ലാ പഠന പിന്തുണ സംവിധാനങ്ങളും ഇതിനായി പ്രയോജനപ്പെടുത്തുന്നു.

### ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികൾക്കും രണ്ടാം തരത്തിൽ നേടേണ്ട പഠന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുന്നു.
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിക്കുന്നു.
- എല്ലാ കുട്ടികളെയും സ്വതന്ത്രവായനക്കാരാക്കി മാറ്റുക.
- ക്ലാസ്സ് ലൈബ്രറികൾ യാഥാർത്ഥ്യമാക്കുക.
- ഭാഷയിലെയും ഗണിതത്തിലെയും അടിസ്ഥാനശേഷികൾ നേടി എന്ന് ഉറപ്പുവരുത്തുക.
- പരിസര പഠനത്തിൽ നിരീക്ഷണം പ്രകൃതിയെ അറിയുക, ആശയ വിനിമയം ചെയ്യൽ, അന്വേഷണ ത്വര, എന്നിവ വളർത്തുക.

# അക്കാദമിക മാസ്റ്റർ പ്ലാൻ

ക്ലാസ്സ് : 2 - ാം തരം

| ഭാഷ<br>മേഖല – വായന, ലേഖനം | | | |
|---|---|---|---|
| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം/ പിന്തുണ |
| അടിസ്ഥാന ശേഷികൾ ഉറപ്പിക്കുന്നു ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. വായനയ്ക്ക് ഊന്നൽ നൽകു ന്ന പ്രവർത്തനങ്ങൾ (മലയാളത്തിളക്കം, ശ്രദ്ധ, എഴുത്തോല) | പ്രീ-ടെസ്റ്റ് അക്ഷരമാല, ചിഹ്നം ഉറപ്പിക്കൽ, അക്ഷരകാർഡ് വിതരണം, വാക്കുകൾ എഴുതിയ കാർഡ്, പദകാർഡ്, ചിത്രവായന, കഥപറയൽ കഥഎഴുതൽ, വായന കാർഡുകൾ വായിപ്പിക്കൽ. | 2 മാസം | പുസ്തകങ്ങൾ<br>പിടിഎ<br>സിഡി<br>ലൈബ്രറി |
| കുട്ടികളിലെ മികച്ച വായനക്കാരെ കണ്ടെത്തി പ്രോത്സാഹനം, വായന ഗ്രൂപ്പ് രൂപീകരണം. | ക്ലാസ്സ് ലൈബ്രറി രൂപീകരിക്കൽ, പത്രവായന, വായനാനുഭവം പങ്കിടൽ, അമ്മവായന, കുട്ടിവായന.<br><br>വായനാകുറിപ്പ് പതിപ്പ് ബാലസഭ വിദ്യാരംഗം കലാസാഹിത്യവേദി | 6 മാസം | SRG<br>ലൈബ്രറി<br>PTA |
| എല്ലാവർക്കും എഴുത്തും വായനയും<br>എഴുത്തിൻറെ വിവിധ തലങ്ങൾ | ക്ലാസ്സ് ലൈബ്രറി എഴുത്തോല കുട്ടികളുടെ പതിപ്പുകൾ കുഞ്ഞെഴുത്ത് എന്നീ പുസ്തകങ്ങൾ ഫലപ്രദമാക്കുന്നു | 3 മാസം | പുസ്തകങ്ങൾ<br>ലൈബ്രറി<br>PTA |
| മാഗസിൻ രൂപീകരണം ചുമർ പത്രിക | കുട്ടികൾ എഴുതിയവ ശേഖരിച്ച് മാഗസിൻ നിർമ്മിക്കുന്നു. ഓരോ ആഴ്ചയിലേയും രചനകൾ ചേർത്ത് ചുമർ പത്രിക തയ്യാറാക്കുന്നു. ഗ്രൂപ്പാക്കി ഓരോ ആഴ്ചയും അതത് കുട്ടികൾ ചെയ്യുന്നു. | 3 മാസം | PTA<br>BRC<br>ലൈബ്രറി |
| ഭിന്നശേഷിക്കാരെ പരിഗണിക്കൽ, സ്കൂൾ ലൈബ്രറി നവീകരണം. | I E D അധ്യാപകരുടെ സേവനം അവർക്കായി പ്രത്യേകം വേദികൾ ഒരുക്കുന്നു. | | ലൈബ്രറി |
| ക്ലാസ്സ്ലൈബ്രറി അമ്മവായന | അമ്മമാർക്ക് പുസ്തകം നൽകി മികച്ച വായനക്കാരെ കണ്ടെത്തുന്നു | | PTA |

# ഗണിതം

മേഖല - പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം/ പിന്തുണ |
|---|---|---|---|
| ഗണിത പഠനം ഉല്ലാസ പ്രദവും കൗതുക കരവുമാക്കി മുഴുവൻ കുട്ടികൾക്കും ഗണിത ശേഷികൾ ഉറപ്പാക്കുക. | <u>സംഖ്യാകാർഡ് നൽകൽ</u><br>കുട്ടികൾക്ക് സംഖ്യകാർഡ് നൽകി ഒറ്റ പത്ത് നൂറ് എന്നിവ കണ്ടെത്തി സ്ഥാനവില ഉറപ്പിക്കാൻ അവസരം നൽകുന്നു. | 2 മാസം | ഗണിതമൂല<br>I T സാധ്യത |
| മുഴുവൻ കുട്ടികളെയും മികച്ച പ്രശ്നപരിഹരണ ശേഷിയുള്ളവരാക്കി മാറ്റുക | <u>കൂട്ടങ്ങളാക്കാം എണ്ണിയെടുക്കാം</u><br>കുട്ടികൾക്ക് മഞ്ചാടി, പുളിങ്കുരു, കല്ല് എന്നിവ നൽകുന്നു തുടർന്ന് നിശ്ചിത സംഖ്യയുടെ കൂട്ടങ്ങളാ ക്കാൻ ആവശ്യപെടുന്നു. കുട്ടികൾ ക്ക് സംഖ്യകളെ ഒന്ന് മുതൽ **50** വരെ എണ്ണുവാനവസരം നൽകുന്നു. | 3 മാസം | ഗണിതകിറ്റ്<br>BRC |
| ഉൾച്ചേർന്ന ക്ലാസ്സ്റൂം സാധ്യതകൾ എല്ലാവ ർക്കും പങ്കാളിത്തം | <u>പാറ്റേൺ നിർമ്മാണം</u><br>കുട്ടികൾക്ക് വിവിധതരം പാറ്റേണു കൾ പരിചയപ്പെടുത്തുന്നു. അവർക്ക് പാറ്റേണുകൾ നിർമ്മിക്കുവാനും കണ്ടെത്തുവാനും അവസരം നൽകു ന്നു. വിവിധതരം പാറ്റേണുകൾ ചാർട്ടിൽ. | 1 മാസം | ലൈബ്രറി<br>I T സാധ്യത |
| ഉല്ലാസഗണിതം | <u>വിവിധതരം കളികളിൽ ഏർപ്പെടൽ</u><br>സംഖ്യ കാർഡ് സംഖ്യ പാറ്റേൺ എന്നിവ ഉപയോഗിച്ച് വിവിധ തരം കളികളിൽ ഏർപ്പെടുന്നു. നാണയങ്ങ ളുടെയും നോട്ടുകളുടെയും മൂല്യം തിരിച്ചറിയാൻ അവസരം നൽകുന്നു. വിവിധ തരം നോട്ടുകളും നാണയ ങ്ങളും കുട്ടികളെ പരിചയപ്പെടുത്തു ന്നു. | 3 മാസം | ചിത്രങ്ങൾ<br>പേപ്പർ കട്ടിങ് |
| ഗണിത കിറ്റ് നിർമ്മാ ണം | ഓരോ കുട്ടിക്കും ഓരോ ഗണിത കിറ്റ് ഉണ്ടാക്കുവാനവസരം നൽകുന്നു ഗണിതപഠനത്തിൽ ഉപയോഗ പ്പെടുത്താവുന്ന മഞ്ചാടി കമ്പ് സ്ട്രൊ വിവിധ രൂപങ്ങൾ കളിപ്പാട്ടങ്ങൾ കളിനാണയങ്ങൾ നോട്ടുകൾ ചിത്ര ങ്ങൾ സംഖ്യകാർഡുകൾ ജ്യാമിതീ യരൂപങ്ങൾ എന്നിവ ഗണിത കിറ്റിൽ ഉൾപെടുത്തുവാനവസരം നൽകുന്നു ഓരോ കുട്ടിയുടെയും ഗണിതകിറ്റ് ക്ലാസ്സ് റൂമിൽ സൂക്ഷിക്കുന്നു. | 10 മാസം | |

# അക്കാദമിക മാസ്റ്റർപ്ലാൻ- ഭാഷ മേഖല

ഭാഷയുടെ ലിഖിതരൂപത്തിൽ ഭാഷാപഠനം കൗതുകകരമാക്കി മാറ്റുവാൻ മുഴുവൻ കുട്ടികൾക്കും സർഗാത്മകശേഷി വളർത്തുന്നതിന്.

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം / പിന്തുണ |
|---|---|---|---|
| 1. ഭാഷാപഠനം ഒഴുക്കോടെയും കൗതുകകരവുമാക്കി മാറ്റുവാൻ.<br><br>2. ഉൾചേർന്ന ക്ലാസ്റൂം സാധ്യതകൾ എല്ലാവർക്കും പങ്കാളിത്തം<br><br>3. കുട്ടികൾക്ക് സർഗാത്മക ശേഷി വളർത്തുന്നതിന് | <u>സചിത്ര നോട്ട്ബുക്ക് തയ്യാറാക്കൽ</u><br><br>രക്ഷിതാക്കളുടെ പിന്തുണയോടുകൂടി സചിത്ര നോട്ട്ബുക്ക് തയ്യാറാക്കുവാൻ അവസരം നൽകുന്നു. കുട്ടിക്ക് പേപ്പർകട്ടിംഗ്സ് കൊടുക്കുന്നു. ഉദാ: പുഴയുടെ ചിത്രം ഒട്ടിച്ച പുഴയെ കുറിച്ച് എഴുതുവാൻ ആവശ്യപ്പെടുന്നു ചിത്രങ്ങളിലൂടെ പഠിക്കുന്നത് കുട്ടിക്ക് ഭാഷയോട് കൂടുതൽ താല്പര്യമുണ്ടാകുന്നു. എഴുതുവാനും വായിക്കുവാനുമുള്ള ആകർഷകത്വം കൂട്ടുന്നു. പേപ്പർ കട്ടിംഗ്സ്, ബാലമാസിക എന്നിവ സചിത്രനോട്ട്ബുക്ക് തയ്യാറാക്കുവാൻ ഉപയോഗിക്കാം. | 6 മാസം | പത്രമാസിക<br><br>പേപ്പർ കട്ടിംഗ്<br><br>IT സാധ്യത<br><br>ബാലമാസിക |

# പ്രവർത്തന ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളും തെറ്റില്ലാത്ത രീതിയിൽ ചെറുവാക്യങ്ങൾ എഴുതാൻ കഴിവു നേടുന്നു.
- മുഴുവൻ കുട്ടികളും ചെറുവാക്യങ്ങൾ ഉൾപ്പെടെ കവിതകൾ വായിക്കാൻ കഴിവു നേടുന്നു.
- എല്ലാ കുട്ടികളും രക്ഷിതാവിന്റെ സഹായത്തോടെ സചിത്ര നോട്ട്ബുക്ക് തയ്യാറാക്കുന്നു.
- രക്ഷിതാക്കളുടെ പിന്തുണയും പങ്കാളിത്തവും ഉറപ്പാക്കുന്നതിനുള്ള രീതികൾ വികസിപ്പിക്കുന്നു.
- ആകർഷകവും സമഗ്രവുമായ നോട്ട്ബുക്ക് എല്ലാ കുട്ടികൾക്കും ഉറപ്പുവരുത്തുന്നു.
- ആശയാവതരണരീതിയുടെ പ്രായോഗിക സാധ്യതകൾ ഗവേഷണാത്മകമായി പരിശോധിക്കുന്നു.
- സചിത്ര നോട്ടുബുക്കിന്റെ സഹായത്തോടെ ഇംഗ്ലീഷ് ഭാഷാശേഷികൾ ആർജിക്കുക.
- സചിത്ര ഡയറി,സ്ംയുക്ത ഡയറി എന്നീ ആശയങ്ങൾ ഫലപ്രദമാക്കുക.

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം പിന്തുണ |
|---|---|---|---|
| എല്ലാവർക്കും എഴുത്തും വായനയും.<br><br>എഴുത്തിന്റെ വിവിധതലങ്ങൾ | <u>സംയുക്ത ഡയറി ആരംഭിക്കൽ</u><br><br>രക്ഷിതാക്കളുടെ സഹായത്തോടെ കുട്ടിക്ക് പരിചയമുള്ള വാക്കുകളിലൂടെ ഡയറി എഴുതുവാൻ അവസരം നൽകുന്നു. ഇതിലൂടെ രക്ഷിതാവിനെയും പഠനപ്രവർത്തനത്തിൽകൂടെ പങ്കാളിയാക്കാം. ക്ലാസ്റൂമിലും വീട്ടിലും നടന്നകാര്യങ്ങൾ കുട്ടി തന്റെ ഭാഷയിൽ എഴുതുന്നതിലൂടെ കുട്ടിയുടെ സർഗാത്മക ശേഷി പരിപോഷിക്കുവാനുതകുന്ന പ്രവർത്തനമായി മാറുന്നു.<br>ചിത്രങ്ങളിലൂടെ ആശയകൈമാറ്റം നടത്തുന്നതിനുള്ള അവസരവും. കുട്ടിക്ക് ചെറിയ കാര്യങ്ങൾ ചിത്രത്തിലൂടെ ആശയവിനിമയം നടത്തുവാനവസരം നൽകുന്നു. ഭാഷ വികസിപ്പിക്കാൻ ഊന്നൽ നൽകുന്ന പ്രവർത്തനം. | 6 മാസം | ചിത്രങ്ങൾ<br><br>ചാർട്ട്<br><br>BB<br><br>കളർപെൻസിലുകൾ<br><br>കളർപേപ്പർ |

## മൂന്നാം തരം

### ആമുഖം

കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധികൾ നാം മറികടന്ന് കൊണ്ടിരിക്കുകയാണ്. കോവിഡ് കാലത്തെ അടച്ചു പൂട്ടലിൽ നമ്മുടെ കുട്ടികൾ വീടുകളിൽ ഒറ്റപ്പെടുകയും അവർക്ക് സമപ്രായക്കാരുമായി കൂട്ടുകൂടുന്നതിനും കളികളിൽ ഏർപ്പെടുന്നതിനും കഴിഞ്ഞില്ല. ഇത് അവരുടെ ശാരീരിക മാനസിക വികാസത്തിന് തടസ്സം സൃഷ്ടിച്ചിട്ടുണ്ട്. ഇത് അടിയന്തിരമായി പരിഹരിച്ചുകൊണ്ട് ക്ലാസ്സിലെ മുഴുവൻ കുട്ടികളെയും മിടുക്കന്മാരാക്കി തീർക്കുന്നതിന് 2022-2023 അധ്യയനവർഷത്തിൽ ഒട്ടേറെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്.

### ലക്ഷ്യം

- മലയാളത്തിലും ഇംഗ്ലീഷിലും മുഴുവൻ കുട്ടികൾക്കും ആശയഗ്രഹണത്തോടെ വായിക്കാനും എഴുതാനും കഴിവുണ്ടാക്കുക
- ആശയങ്ങൾ അറിവുകൾ അനുഭവങ്ങൾ മുന്നറിവുകൾ എന്നിവയുടെ വെളിച്ചത്തിൽ സർഗാത്മകരചനകളിൽ ഏർപ്പെടുന്നതിനും അവതരിപ്പിക്കുന്നതിനും കഴിവുള്ളവരാക്കുക
- പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തുക
- ആത്മ വിശ്വാസത്തോടെ പൊതുസദസ്സുകളെ അഭിമുഖീകരിക്കുന്നതിനുള്ള കഴിവ് വർധിപ്പിക്കുക
- ആധുനിക കാലഘട്ടത്തിൽ ജീവിക്കുന്നതിനാവശ്യമായ സാങ്കേതിക പരിജ്ഞാനം നൽകി മുഴുവൻ കുട്ടികളെയും അറിവ് നിർമ്മാണത്തിൽ കഴിവുള്ളവരാക്കുക
- ഗണിത പഠനം ഉല്ലാസപ്രദവും കൗതുകകരവുമാക്കി മുഴുവൻ കുട്ടികൾക്കും ഗണിത ശേഷികൾ ഉറപ്പാക്കുക
- മുഴുവൻ കുട്ടികൾക്കും ആരോഗ്യ കായികാരോഗ്യക്ഷമത ഉറപ്പാക്കുക

ഭാഷ

**മേഖല – വായന, ലേഖനം**

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതിക പിന്തുണ |
|---|---|---|---|
| **പഠന** വിടവുകൾ നികത്താനും ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ അടിസ്ഥാന ശേഷി ഉറപ്പിക്കൽ | • പ്രീ ടെസ്റ്റ്<br>• അക്ഷരമാല അക്ഷരം ഉറപ്പിക്കൽ<br>• അടയാളം ഉറപ്പിക്കൽ<br>• ചിത്രവായന<br>• പദകാർഡ്<br>• കഥ പറയൽ<br>• കഥയുടെ ബാക്കി എഴുതൽ<br>• വായനകാർഡുകൾ വായിപ്പിക്കൽ | 2 മാസം | പുസ്തകം<br>പി ടി എ<br>രക്ഷിതാക്കൾ.<br>I C T |
| കുട്ടികളിൽ വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ രൂപീകരിക്കുന്നു.<br><br>ഗ്രൂപ്പ് വായന പ്രോത്സാഹനം | • പത്രവായന<br>• വായനാനുഭവം പങ്കുവെക്കൽ ദിനാചരണങ്ങൾ<br>• വായനോത്സവം സംഘടിപ്പി ക്കൽ<br>• അമ്മവായന<br>• വായനാകുറിപ്പ്<br>• കുട്ടിവായന<br>• ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്സ്<br>• പുസ്തകചർച്ച<br>• വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>• ക്ലാസ്സ് സഭ | 6 മാസം | B R C<br>I E D<br>TRAINER<br>P T A |
| ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിൻറെയും സാധ്യത കണ്ടെത്തുന്നു | • എഴുത്തുകൂട്ടം രൂപീകരണം<br>• പുസ്തക ചർച്ച<br>• ക്ലാസ്സ് ലൈബ്രറി<br>• വ്യക്തിരചന സംഘരചന<br>• ഭാഷാ പ്രോജക്ട്<br>• സാഹിത്യകാരന്മാരുടെ സംവാദം അഭിമുഖം<br>• കുട്ടികളുടെ പതിപ്പുകൾ കുഞ്ഞെഴുത്ത് എന്നീ പുസ്തകങ്ങൾ ഫലപ്രദമാക്കൽ | 6 മാസം | പുസ്തകങ്ങൾ<br><br>B R C<br><br>സാഹിത്യ-പ്രമുഖർ<br><br>ഗ്രന്ഥശാല<br><br>P T A |
| ഭിന്നശേഷിക്കാരെ പരിഗണിക്കൽ<br><br>ക്ലാസ്സ് ലൈബ്രറി നവീകരണം | • അമ്മമാർക്ക് പുസ്തകം നൽകി മികച്ച വായനക്കാരെ കണ്ടെത്തു ന്നു<br>• അമ്മ സാഹിത്യ സമാജം രൂപീക രിക്കൽ<br>• ഭാഷാപരമായ പിന്നോക്കം നിൽ ക്കുന്നവർക്ക് പ്രത്യേകം ക്ലാസ്സ്<br>• IED അധ്യാപക സാധ്യത പ്രയോജ നപ്പെടുത്തുന്നു | | |

## പരിസരപഠനം

മേഖല -

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതിക പിന്തുണ |
|---|---|---|---|
| പ്രകൃതിയെ സംരക്ഷിക്കേണ്ടതിൻറെ പ്രാധാന്യം തിരിച്ചറിയാനും സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളിയാകാനും | • ദിനാചരണങ്ങൾ സംഘടിപ്പിക്കൽ<br>• പ്രകൃതി സ്നേഹികളുമായുള്ള അഭിമുഖം<br>• ഫീൽഡ് ട്രിപ്പ്<br>• പ്രകൃതി നടത്തം<br>• പരീക്ഷണം<br>• നിരീക്ഷണം<br>• വീട്ടിലെ കൃഷിപണികളിൽ കൂടി കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കൽ<br>• പ്രദർശനം<br>• പോസ്റ്റർ നിർമ്മാണം | 3 മാസം | BRC<br>PTA<br>രക്ഷിതാക്കൾ |
| പരീക്ഷണ നിരീക്ഷണ ങ്ങളിൽ ഏർപ്പെട്ട് കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തുക | • പരീക്ഷണകുറിപ്പ് തയ്യാറാക്കൽ<br>• ദിനാചരണങ്ങൾ ആചരിക്കൽ<br>• ICT സാധ്യതകൾ പ്രയോജന പ്പെടുത്തൽ<br>• ഫീൽഡ് ട്രിപ്പ് | 3 മാസം | ICT<br>PTA<br>BRC |

## ഗണിതം

മേഖല -

| പദ്ധതി | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതിക പിന്തുണ |
|---|---|---|---|
| ഗണിതപഠനം ഉല്ലാസപ്രദവും കൗതുകകരവുമാക്കി മുഴുവൻ കുട്ടികൾക്കും ഗണിതശേഷികൾ ഉറപ്പാക്കുക | • പ്രവർത്തിപരിചയത്തിലൂടെ ഗണിതാശയങ്ങൾ രൂപീകരിക്കുന്നു<br>• പ്രവൃത്തിപരിചയ ഗണിത ശിൽപ ശാല<br>• ക്ലാസ്സ് പി.ടി.എ വിളിച്ചു ചേർക്കൽ<br>• ഉല്ലാസഗണിതം പ്രവർത്തന ങ്ങൾ ചെയ്യിക്കൽ<br>• ഗണിതക്കാർഡുകൾ ഉപയോഗിച്ച് പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു | 3 മാസം | PTA<br>കാർഡുകൾ<br>രക്ഷിതാക്കൾ<br>BRC<br>കോർഡിനേറ്റർ |

ക്ളാസ്സ് - മൂന്ന് 　　　　　　　　　　വിഷയം - ഗണിതം

ലക്ഷ്യം - 1

**മൂന്നാം ക്ളാസ്സിലെ മുഴുവൻ കുട്ടികൾക്കും ഒന്നു മുതൽ ആയിരം വരെയുള്ള സംഖ്യകൾ എഴുതാനുള്ള ശേഷികൾ ഉറപ്പിക്കുക.**

| ക്രമ നം | മാസം | പ്രവർത്തനം |
| --- | --- | --- |
| 1 | ജൂൺ | നമുക്കെടുക്കാം<br>*സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു.<br>* കിട്ടിയ സംഖ്യ വായിക്കാം<br>* മറ്റുള്ളവർ സംഖ്യ എഴുതുന്നു. |
| 2 | ജൂൺ | 10 ചങ്ങാതിമാർ<br>സംഖ്യ നറുക്ക് എടുക്കുന്നു.<br>കിട്ടിയ നറുക്കിലെ സംഖ്യ വായിച്ചശേഷം തുടർന്നു വരുന്ന പത്ത് സ്ംഖ്യകൾ എഴുതാൻ അവസരം. |
| 3 | ജൂൺ - സപ്തംബർ | പാറ്റേൺ പൂർത്തിയാക്കാം<br>വിവിധ സംഖ്യാ പാറ്റേൺ പൂർത്തിയാക്കാം |
| 4 | ജൂൺ - ആഗസ്റ്റ് | ക്രമത്തിലാക്കാം<br>വ്യത്യസ്ത സംഖ്യകൾ നൽകുന്നു.<br>ആരോഹണക്രമം അവരോഹണക്രമം എഴുതുക |

ലക്ഷ്യം -2

**ഒന്നാം ക്ളാസ്സിലെ മുഴുവൻ കുട്ടികൾക്കും മൂന്നക്ക/നാലക്ക സംഖ്യകളെ വിന്യസ്സാനുള്ള ശേഷി ഉറപ്പിക്കൽ.**

ലക്ഷ്യം - 3

**മൂന്നാം ക്ളാസ്സിലെ മുഴുവൻ കുട്ടികൾക്കും പ്രായോഗികപ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശേഷി ഉറപ്പിക്കൽ അവസരം ഒരുക്കൽ.**

| | | |
|---|---|---|
| 1 | ജൂൺ | കൂട്ടങ്ങളാക്കാം<br>ഇഷ്ടമുള്ള ഒരു മൂന്നക്ക സംഖ്യ എഴുതാം.<br>കളിനോട്ട്/ഗ്രിഡ് ഉപയോഗിച്ച് 1,10,100,1000 ന്റെ കൂട്ടങ്ങളാക്കി മാറ്റാം. |
| 2 | 2 ആഴ്ച്ച | സംഖ്യാ സൂര്യൻ<br>ഓരോ  കുട്ടിക്കും ഒരു മൂന്നക്ക സംഖ്യ ബോർഡിൽ എഴുതാം.<br>ഗ്രൂപ്പായി തിരിഞ്ഞ് ബോർഡിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതുന്നു. |
| 3 | ജൂൺ - സപ്തംബർ | ക്രമീകരിക്കാം<br>സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കാം.<br>അരവിന്ദ് ഗുപ്ത കാർഡ് ഉപയോഗിച്ച് സംഖ്യ നിർ-മ്മിക്കാം. |
| 4 | ജൂലൈ | സമയചക്രം<br>ബ്ലാക്ക് &വൈറ്റ് ചാർട്ട് ഉപയോഗിച്ച് സമയചക്രം തയ്യാറാക്കുന്നു. (AM/P M)<br>സമയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്ന പരിഹരണത്തിന് ഉപയോഗപ്പെടുത്തുന്നു. |

| | | |
|---|---|---|
| 5 | സപ്തംബര് - ഫെബ്രുവരി | ക്ളാസ്സിൽ ഒരു കട (കുഞ്ഞു കട / കച്ചവടക്കണക്ക്)<br>കുട്ടികളുടെ ബുക്ക് പേന പെൻസിൽ etc. ചേർത്ത്<br>അവക്ക് വില നൽകി കട ക്രമീകരിക്കുന്നു.<br>അളവ് പാത്രങ്ങൾ ക്രമീകരിക്കുന്നു.<br>ആവശ്യമുള്ളവ അളന്നെടുക്കുന്നു.<br>കളി നോട്ട് ഉപയോഗപ്പെടുത്തി കച്ചവട ക്കളി<br>ഒരുക്കുന്നു..കടക്കാരനും കസ്റ്റമറും കുട്ടികൾ തന്നെ<br>സാധനം വാങ്ങുകയും പണം (കളിനോട്ട്) കൈകാര്യം<br>ചെയ്യുകയും ചെയ്യുന്നു.<br>ഗ്രൂപ്പിൽ ചർച്ച നടക്കുന്നു.<br>പ്രയാസങ്ങൾ ഗ്രൂപ്പിൽ അധ്യാപകന്റെ സഹായത്തോടെ<br>പരിഹരിക്കുന്നു. |

| | | | |
|---|---|---|---|
| ഉല്ലാസഗണിതം ഗണിതകേളികളിൽ ഏർപ്പെടൽ | • വിവിധതരം കളികളിൽ ഏർപ്പെടുന്നു<br>• സംഖ്യ പാറ്റേൺ<br>• സംഖ്യ കാർഡ് കൂട്ടങ്ങളാക്കൽ എന്നിവയിൽ ഏർപ്പെടുന്നു.<br>• പസിലുകൾ നോട്ടുകളും നാണയ ങ്ങളും പാറ്റേൺ പൂർത്തിയാക്കാം.<br>• രൂപങ്ങൾ വരയ്ക്കാനും നിർമ്മാണത്തിനും അവസരം. | 10 മാസം | |
| മുഴുവൻ കുട്ടികൾക്കും ആരോഗ്യ കായിക ക്ഷമത ഉറപ്പാക്കുന്നു | • സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പ് ലഘുവ്യായാമങ്ങൾ, സ്കേറ്റിങ്, എയറോബിക്സ്, ലഘുയോഗ.<br>• ലഘു വർക്ക്ഔട്ട്, നടത്തിക്കുക, കൃഷി,പൂന്തോട്ടം നിർമ്മാണ ത്തിലുംപങ്കാളികളാക്കൽ.<br>• ക്രാഫ്റ്റ്, ആർട്ട്, നിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കാളിയാക്കൽ | 10 മാസം | BRC<br>PTA<br>രക്ഷിതാക്കൾ<br>ICT |

## <u>നാലാം തരം</u>

### ആമുഖം

2022-2023 അധ്യയന വർഷത്തിൽ നാലാം തരത്തിലെ മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ ആണിത്. ഭാഷ, ഗണിതം, പരിസരപഠനം എന്നിങ്ങനെ വിഷയാടിസ്ഥാനത്തിൽ തയ്യാറാക്കിയ ഈ രേഖ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനുകൂടി ഉള്ളതാണ്.

പഠനപ്രവർത്തനങ്ങൾ സ്വയം ഏറ്റെടുക്കുക, പഠനവിടവുകൾ നികത്തുക, സ്വയം വിലയിരുത്തുക, പരസ്പരം വിലയിരുത്തുക, രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

### ലക്ഷ്യങ്ങൾ

**ഭാഷ**

മികച്ച ഭാഷയിൽ സ്വതന്ത്രമായി എഴുതാനും വായിക്കുവാനും ആവശ്യമായ സന്ദർഭങ്ങളിൽ വേണ്ട രീതിയിൽ ഉപയോഗപ്പെടുത്താനും സർഗാത്മക കഴിവുകൾ വികസിപ്പിക്കുവാനും പരസ്പരം പങ്കിടൽ, സംഘബോധം, എന്നിവ വികസിപ്പിക്കൽ

### പ്രവർത്തനങ്ങൾ

കവിതാപൂരണം, കഥാരചന, കഥാവായന, അഭിനയം, ചെറുവിവരണം, അഭിമുഖം.

## പരിസരപഠനം

പ്രകൃതിയെ അടുത്തറിയാനും, ശാസ്ത്രാവബോധം ഉണ്ടാക്കുവാൻ, ശാസ്ത്ര പരീക്ഷണ നിരീക്ഷണങ്ങളിൽ സ്വയം പങ്കെടുക്കൽ, പരീക്ഷണ കുറിപ്പുകൾ തയ്യാറാക്കൽ, ദിനാചരണങ്ങൾ ആചരിക്കൽ, പ്രദർശനം.

## പ്രവർത്തനങ്ങൾ

- പ്രകൃതി നടത്തം
- പരീക്ഷണങ്ങളിൽ ഏർപ്പെടൽ
- ചരിത്ര സ്മാരകങ്ങൾ സന്ദർശിക്കൽ
- ലഘുകുറിപ്പുകൾ തയ്യാറാക്കൽ

## ഗണിതം

ചതുഷ്ക്രിയകൾ നിത്യജീവിതാനുഭവങ്ങളിലൂടെ പ്രാവർത്തികമാക്കൽ, വ്യാഖ്യനം, പ്രദർശനം, ഗണിതം, ലളിതം, മധുരം, എന്ന ചിന്ത ഉറപ്പിക്കൽ.

## പ്രവർത്തനങ്ങൾ

- ഗണിത കളികൾ
- സംഖ്യ വ്യാഖ്യനം
- കട സന്ദർശനം (കടകളിൽ പോയി പരിചയപ്പെടൽ)

# IV STD ENGLISH

2023-24 അധ്യയനവർഷം നാലാതരം വിദ്യാർഥിക്കൾക്കായി ആവിഷ്കരിച്ചിട്ടുള്ള പരിപാടിയാണ് ' **MEW**' ( **My Own English World** ) ഇംഗ്ലീഷ് ഭാഷയെ കൂടുതൽ അടുത്തറിയാനും നിത്യ ജീവിതത്തിൽ ഉപയോഗിക്കുവുനമാണ് ഈ പരിപാടി നടപ്പിലാക്കുന്നത്. പാഠ്യപ്രവർത്തനങ്ങൾ യാന്ത്രികമായി നടത്താതെ കളിയിലൂടെയും ചിത്രങ്ങളിലൂടെയും ഒറിഗാമിയിലൂടെയും ഭാഷ വികസിപ്പിക്കുവാനും കുട്ടികളിലെ ആത്മവിശ്വസം വളർത്താനും ഇത് ലക്ഷ്യമിടുന്നു. ഭിന്നശേഷിക്കാരായ കുട്ടികളെ കൂടുതൽ പങ്കെടുപ്പികുവാനും MEW സഹായിക്കുന്നു.

## AIMS (ലക്ഷ്യങ്ങൾ)

**To speak, Read and Write English words and sentences.**

## Speaking skills

**Descriptions, growing words and sentences, picture reading, self introduction, answering simple questions etc.**

## Reading Skills

**Reading simple stories, books, newspaper, library books, book review rhyming words and text book activities.**
**CWSN students can also particiate in it with simple reading cards and card making etc.**

## Writing skill

**Making word web, picture descrption, word chain, sentence making, filling blanks, adding more lines, story developing, conversation, announcements etc.**
**For CWSN students we are making words cards or sentence cards with picture and fill in the blanks etc. They can colour the pictures and use simple words or sentences in their own way.**

**വിഷയം - മലയാളം**

**ആമുഖം**

കോവിഡ് മഹാമാരി സൃഷ്ടിച്ച പഠന വിടവുകൾ പരിഹരിക്കുന്നതിനായി ഈ അധ്യായന വർഷത്തിൽ നൂതന പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തേണ്ടതുണ്ട്. ആധുനിക കാലഘട്ടത്തിൽ ജീവിക്കുന്നതിനാവശ്യമായ സാങ്കേതിക പരിജ്ഞാനം നൽകേണ്ടതും ഇതോടൊപ്പം മാറ്റങ്ങൾ വരുത്തി കുട്ടികളെ വായന, ലേഖനം തുടങ്ങിയ മേഖലകളിൽ പ്രാപ്തരാക്കുന്നതോടൊപ്പം മുന്നറിവുകളും അനുഭവങ്ങളും ഏർപ്പെടാൻ കഴിവുള്ളവരാക്കുകയും വേണം.

**ലക്ഷ്യങ്ങൾ**

- വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ പങ്കാളിത്തത്തിന് ഊന്നൽ നൽകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- ആധുനിക സാങ്കേതിക വിദ്യ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും സ്വായത്തമാകുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.
- പഠന പ്രവർത്തനങ്ങളോടൊപ്പം സർഗാത്മക കഴിവുകൾ പ്രകടിപ്പിക്കാനുള്ള അവസരങ്ങൾ നൽകുന്നു.

## <u>ലക്ഷ്യങ്ങൾ</u>

- ഭിന്നശേഷിക്കാരായ കുട്ടികളുടെ പൂർണ പങ്കാളിത്തത്തിന് ഊന്നൽ നൽകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

- പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പഠന പ്രവർത്തനങ്ങൾ നൽകുന്നു.

| | | | | | |
|---|---|---|---|---|---|
| ആശയഗ്രഹണ വായന | വാക്കുകൾ തിരിച്ചറിയുന്നു വായനക്കാർഡുകൾ, ചെറുകഥാ പുസ്തകങ്ങൾ/ചിത്ര കഥാചാർട്ട് | നാല് ആഴ്ച | എസ് ആർ ജി | അധ്യാപകർ | വാക്കുകൾ തിരിച്ചറിയുന്നു. |
| | വാക്യങ്ങളുടെ ക്രമീകരണം ചെറുകഥാപുസ്തകങ്ങൾ വായനക്കാർഡ് എന്നിവ ഉപയോഗിച്ച് വാക്യങ്ങൾ ക്രമീകരിച്ച് എഴുതുന്നു. | രണ്ട് ആഴ്ച | എസ് ആർ ജി | അധ്യാപകർ | വാക്യങ്ങൾ ക്രമീകരിച്ച് എഴുതുന്നു. |
| | വാങ്മയ ചിത്രങ്ങൾ കഥാ, കവിത എന്നിവയിൽ നിന്ന് വാങ്മയ ചിത്രങ്ങൾ കണ്ടെത്തുന്നു. | നാല് ആഴ്ച | | അധ്യാപകർ | വാങ്മയ ചിത്രങ്ങൾ തയ്യാറാക്കുന്നു. |
| സർഗ്ഗാത്മകം ലേഖനം | കഥാപൂരണം/കവിതാപൂരണം ആശയം ഗ്രഹിച്ച് ചെറുകഥകൾ/കവിതകൾ പൂരിപ്പിക്കുന്നു കഥാ ചാർട്ട് ലൈബ്രറി ഐ സി ടി | നാല് ആഴ്ച | | | സ്വന്തമായി കഥ/കവിത വികസിപ്പിച്ച് എഴുതുന്നു. ആശയം ഗ്രഹിക്കുന്നു. വരികൾ കൂട്ടിച്ചേർക്കുന്നു. |
| | വായനാസാമഗ്രികൾ, ലൈബ്രറി ഐ സി ടി സാധ്യതകൾ എന്നിവയിലൂടെ കഥാ/കവിത എന്നിവയുടെ ആസ്വാദനക്കുറിപ്പുകൾ/വായനക്കുറിപ്പുകൾ തയ്യാറാക്കുന്നു. | എട്ട് ആഴ്ച | | അധ്യാപകർ | കഥാ, കവിത എന്നിവയിൽ ആസ്വാദനക്കുറിപ്പ് വായനക്കുറിപ്പ് എന്നിവ തയ്യാറാക്കുന്നു. |
| | **കഥകൾ വായിച്ച് സന്ദർഭത്തിന് അനുയോജ്യമായ സംഭാഷണം** | **മൂന്ന് ആഴ്ച** | | അധ്യാപകർ | സംഭാഷണം തയ്യാറാക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| | തയ്യാറാക്കുന്നു അഭിനയിക്കുന്നു. നാടകം, വീഡിയോ, കഥാപുസ്തകങ്ങൾ എന്നിവ പ്രയോജനപ്പെടുത്തുന്നു. (ലൈബ്രറി ഐ സി ടി) | | | | |
| | പുസ്തകാസ്വാദനം, വർണ്ണന, പുസ്തകപരിചയം. കഥ/കവിത എന്നിവ വായിച്ച് വർണ്ണനകൾ കഥാപാത്രനിരൂപണ തിരക്കഥ എന്നിവ തയ്യാറാക്കുന്നു. മികവുൽസവം - പ്രദർശനം | നാല് ആഴ്ച | | | വർണ്ണന, കഥാപാത്രനിരൂപണം, തിരക്കഥ എന്നിവ തയ്യാറാക്കുന്നു. |

# വിഷയം - സംസ്കൃതം

## ആമുഖം

കുട്ടികളെ സംസ്കൃത ഭാഷാ പഠനത്തിലേക്ക് കൂടുതൽ ആകർഷിക്കുന്നതിനും ഭാഷാതാത്പര്യം വളർത്തുന്നതിനും ഉതകുന്ന രീതിയിലാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. കുട്ടിക്ക് സ്വയം വായിച്ചു പഠിക്കുന്നതിനും, താൽപര്യത്തോടെ പഠനപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും സഹായകമായ രീതിയിൽ ആസൂത്രണം ചെയ്ത് ക്രമീകരിച്ചിട്ടുണ്ട്.

## ലക്ഷ്യങ്ങൾ

- വിദ്യാർത്ഥികളുടെ സർവ്വതോന്മുഖമായ വികാസം ( ശാരീരികം, മാനസികം, ബൗദ്ധികം) വായനാ സാമർത്ഥ്യം, ലേഖന സാമർത്ഥ്യം, നൈസർഗിക കലാവാസനാ താൽപര്യത്തെ പ്രോത്സാഹിപ്പിക്കൽ.
- കഥ, കവിതന്ന ഉപന്യാസം-രചനാ സാമർത്ഥ്യം.
- കുട്ടിയുടെ വൈജ്ഞാനിക വികസനം.
- അടിസ്ഥാന നൈപുണികൾ വികസിപ്പിക്കൽ.
- സർഗാത്മക ശേഷി വർദ്ധിപ്പിക്കൽ.
- വിവര സാങ്കേതിക വിദ്യയിലൂടെ ഭാഷാപഠനം സുഗമമാക്കൽ

## സംസ്കൃതം - വാർഷികാസൂത്രണം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും സംസ്കൃതം തെറ്റാതെ എഴുതാനും, വായിക്കാനും ഉളള ശേഷി വികസിപ്പിക്കൽ | ആഴ്ചയിൽ ഒരു ഒരുദിവസം വിദ്യാർത്ഥികൾ അസംബ്ലി അവതരിപ്പിക്കുക. ഓരോ ക്ലാസിനും ഇടവിട്ട് ചുമതല നൽകുന്നു. പരിപാടികൾ പൂർണ്ണമായും സംസ്കൃതത്തിൽ മാത്രം അവതരണം | ആഴ്ചയിൽ ഒരു ദിവസം | സംസ്കൃതം അധ്യാപിക | |
| 2 | സംസ്കൃതത്തിൽ സർഗ്ഗാത്മക രചനകൾ നടത്താനുള്ള ശേഷി വികസിപ്പിക്കൽ | കഥകൾ, കവിതകൾ, ഉപന്യാസരചനകൾ എന്നിവ സ്വയം എഴുതാനുളള അവസരം കുട്ടികൾക്ക് നൽകുന്നു. രചനകൾ അവതരിപ്പിക്കുന്നു. മികച്ച രചനകൾ ഉൾപ്പെടുത്തി രചനാശില്പശാല സംഘടിപ്പിക്കുന്നു. | പ്രതിമാസ പരിപാടി | ആർട്ട്സ് ക്ലബ്ബ് | |
| 3 | സർഗാത്മക പ്രവർത്തനങ്ങൾ സംസ്കൃതഭാഷയിൽ അവതരിപ്പിക്കുന്നു. | പാഠപുസ്തകത്തിൽ നിന്നും വ്യത്യസ്തമായ വ്യവഹാരങ്ങളിലേക്ക് പാഠങ്ങൾ മാറ്റിയെഴുതി സംഭാഷണം, നാടകം, മറ്റു പ്രവർത്തനങ്ങൾ എന്നിവ അവതരിപ്പിക്കൽ | പ്രതിമാസ പരിപാടി | പ്രധാന അധ്യാപിക,സംസ്കൃതം അധ്യാപിക | |
| 4 | വ്യാകരണത്തിലും, സംസ്കൃതസാഹിത്യത്തിലും നൈപുണി നേടൽ | ലളിതമായ ഇംഗ്ലീഷ് സാഹിത്യം, മലയാളകൃതികൾ എന്നിവ ആശയം കളയാതെ ചെറിയ വാക്യങ്ങളിലൂടെ സംസ്കൃതത്തിലേക്ക് വിവർത്തനം ചെയ്യൽ | രണ്ട് വർഷം | സംസ്കൃതം അധ്യാപിക | |
| 5 | വ്യാകരണ ശുദ്ധി | അവധി ദിവസങ്ങളിൽ സംസ്കൃത വ്യാകരണത്തിന് പ്രാധാന്യം നൽകിയിട്ടുളള സംസ്കൃതം ക്ലാസ്സുകൾ | പ്രതിവർഷം 10 ക്ലാസ് | സംസ്കൃതം അധ്യാപിക | |
| 6 | സംസ്കൃത പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസിൽ സംസ്കൃതം മാത്രം സംസാരിക്കുന്നതിനുളള അവസരം നൽകുക. സംസ്കൃത വാർത്തകൾ,സിനിമകൾ, എന്നിവ കാണാൻ അവസരം നൽകൽ. കുട്ടികൾ ചെയ്ത പരിപാടികൾ ടിവിയിലൂടെ കാണാൻ അവസരം നൽകൽ. | | | |

| | | | | | |
|---|---|---|---|---|---|
| 7 | കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തൽ | ലൈബ്രറി പുസ്തകങ്ങൾ കുട്ടികൾക്ക് വായിക്കാൻ അവസരം നൽകുക. വായനാകുറിപ്പ് തയ്യാറാക്കാൻ നിർദ്ദേശിക്കുക. മികച്ച വായനാക്കുറിപ്പിന് സമ്മാനം നൽകുക. എല്ലാ ഭാഷകളും വായിക്കാൻ അവസരം നൽകുക.സംസ്കൃതം പുസ്തകങ്ങൾ (പുതിയവ) പരിചയപ്പെടുത്തുക. അസംബ്ലിയിൽ കുട്ടികൾതന്നെ പുതിയ പുസ്തകങ്ങൾ എല്ലാവർക്കും പരിചയപ്പെടുത്തുക. | ആവശ്യാനുസരണം | ലൈബ്രറിയൻ സംസ്കൃതം അധ്യാപിക, മറ്റ് അധ്യാപകർ | |
| 8 | ദിനാചരണങ്ങൾ ആഘോഷിക്കുക | ദിനാചരണങ്ങളുടെ പ്രാധാന്യം കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു. ഓരോ ദിനാചരണവും അതിന്റെ പ്രാധാന്യത്തോടെ കുട്ടികളിൽ അവബോധം ഉണ്ടാക്കുന്നു. സംസ്കൃതത്തിൽ ദിനാചരണങ്ങളുടെ പ്രാധാന്യം മനസിലാക്കാനുള്ള അവസരം നൽകുന്നു. രചനാ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. | പ്രതിവർഷം | സംസ്കൃതം അധ്യാപിക | |

## വിഷയം - ഉറുദു

<u>അവസ്ഥാവിശകലനം ;-</u>

കോവിഡിന്റെ പശ്ചാത്തലത്തിൽ രണ്ട് വർഷത്തോളമായി കുട്ടികൾക്ക് ഗുരുമുഖത്ത നിന്ന് നേരിട്ട് പഠനം സാധ്യമാകാത്തതുകൊണ്ട് വായന, എഴുത്ത് എന്നീ മേഖലയിൽ 75% പിന്നോട്ട് പോയിട്ടുണ്ട്.

**ലക്ഷ്യം**

ഉറുദു ഭാഷാ പഠനത്തിൽ കുട്ടികളെ അതിന്റെ പൂർണതോതിൽ എത്തിക്കുക.

**<u>പ്രതീക്ഷിത നേട്ടങ്ങൾ</u>**

അുഴുവൻ കുട്ടികളും ഉറുദുവിൽ ലഘുവാക്യങ്ങൾ എഴുതുക, വായിക്കുക, വിദ്യാലയത്തിന്റെ മികവ് വർദ്ധിപ്പിക്കുക. കുട്ടികൾക്ക് ഉറുദു ഭാഷ ഇഷ്ടപ്പെടുത്തുക, ഉറുദു ബോധന പ്രക്രിയ രസകരമാക്കുക.

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | നേട്ടങ്ങൾ |
|---|---|---|---|---|---|
| വായന | അധ്യാപകൻ ചെറിയ കവിതകളും പ്രാർത്ഥന ഗീതങ്ങളും, കഥകളും ചാർട്ടിൽ എഴുതിയോ പ്രിന്റ് എടുത്തോ ക്ലാസിൽ പ്രദർശിപ്പിക്കുന്നു. എല്ലാ ദിവസവും ക്ലാസ് തുടങ്ങുന്നതിന് മുമ്പ് ഇവ വായിപ്പിക്കുന്നു.<br><br>ആഴ്ചയിൽ ഒരിക്കലോ രണ്ടാഴ്ച കൂടുമ്പോഴോ ഇവ മാറ്റി പ്രദർശിപ്പിക്കുന്നു.<br><br>കവിതകളും പ്രാർത്ഥനകളും കുട്ടികളെ പരിചയപ്പെടുത്തുന്നതോടൊപ്പം കുട്ടി ആവർത്തിച്ച് വായിക്കുന്നത് കൊണ്ട് ഇവ ഹൃദിസ്ഥമാകുന്നു. | **ഒരു അക്കാദമിക വർഷം** | **ഉറുദു അധ്യാപകൻ** | പി ടി എ | വായനയിൽ താൽപര്യം കൂടുന്നു.<br><br>കുട്ടികളുടെ കഴിവ് മനസിലാക്കാൻ സാധിക്കുന്നു.<br><br>രക്ഷിതാക്കളെ ബോധ്യപ്പെടുത്താൻ കഴിയുന്നു.<br><br>സ്വയം വിലയിരുത്താൻ കഴിയുന്നു. |

## വിഷയം - ഇംഗ്ലീഷ്

### ആമുഖം

എല്ലാ ക്ലാസുകളിലും കുട്ടികൾ ഇംഗ്ലീഷ് ഭാഷയിൽ നേടേണ്ട ശേഷികൾ നേടിക്കൊണ്ട് ഉയർന്ന രീതിയിൽ ആശയ വിനിമയം നേടാൻ പ്രാപ്തരാക്കണം.

### ലക്ഷ്യങ്ങൾ

- ഇംഗ്ലീഷ് ഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുക
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
- പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വേണ്ടി പ്രത്യേകം പദ്ധതികൾ നടപ്പിലാക്കുക.

| Sl no | Area | Activity | Duration | Source | Duty assigned |
|---|---|---|---|---|---|
| 1 | Remedial Teaching | Graphical Reading and writing<br>Sentence making | 1 year | Text book | Teachers |
| 2 | World Environment Day Activities | Speech<br>Poster making<br>Placard making | June | | |
| 3 | Reading Day Celebrations | Reading competitions | June to August | Story book | |
| 4 | English | Skits and choreography performances<br>Peom, song etc… | September to December | | BRC Teacher |
| 5 | Hello English | Games<br>Story reading<br>Picturisation<br>Picture description | 1 year | Hello English journals | BRC Teacher |

# വിഷയം - ഹിന്ദി

## ആമുഖം

ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ ആകർഷണീയമായ രീതിയിൽ ഹിന്ദി ഭാഷാ പഠന നേട്ടങ്ങൾ ആധുനിക സാങ്കേതിക വിദ്യകളെ പരമാവധി പ്രയോജനപ്പെടുത്തി ആസ്വാദ്യകര മായ രീതിയിൽ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു. സ്ക്കൂളുകളിൽ ഹിന്ദി ഭാഷ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം കുട്ടിക്ക് കാണുന്നതിനും കേൾക്കുന്നതിനും പ്രയോഗിക്കുന്നതിനുമുള്ള തടസങ്ങളും ലഭ്യത കുറവും ആണ്. ഇത് ഓരോ കുട്ടിക്കും അനുയോജ്യമായ രീതിയിൽ ലഭ്യ മാക്കുന്നതിനായി ഹിന്ദി അധ്യാപകർ തയ്യാറാക്കിയ മാസ്റ്റർ പ്ലാനുമായി മുന്നോട്ട് പോകുന്നു.

## ലക്ഷ്യങ്ങൾ

- അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.
- കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക.
- എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നു എന്ന് ഉറപ്പു വരുത്തുക.
- സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തനങ്ങൾ, അധിക വായന, സർഗാത്മകത വളർത്തുന്ന എഴുത്തുകൾ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള പ്രവർത്തനങ്ങൾ.
- അസംബ്ലി മുതൽ ക്ലാസ്റൂം വരെ ഹിന്ദി അന്തരീക്ഷം ഒരുക്കുക.
- ഭാഷാ വികാസത്തിനായി ആധുനിക സാങ്കേതിക വിദ്യയുടെ ഉപയോഗം.

# സ്ക്കൂൾ മാസ്റ്റർ പ്ലാൻ

## വിഷയം ഹിന്ദി ( V,VI,VI )

| | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | ചുമതല |
|---|---|---|---|---|---|
| 1 | യൂ പി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | • അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷര കാർഡ്,വാക്കുകൾ എഴുതിയ കാർഡ്<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം<br>• ഓൺലൈൻ അക്ഷര കളികൾ<br>• വാക്കുകൾ നിർമ്മാണം | ജൂൺ - ആഗസ്റ്റ് | അക്ഷര ചാർട്ട് | ബി ആർ സി |
| 2 | വീട് ഒരു പരീക്ഷണശാല കാണുന്നതും കേൾക്കുന്നതുമായ ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക. | • വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ<br>• ഐ സി ടി സഹായത്തോടെ വസ്തുക്കളും വാക്കുളും പരിചയപ്പെടൽ<br>• പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രവർത്തനം | സെപ്റ്റംബർ - ഒക്ടോബർ | ഹിന്ദി നിഘണ്ടു<br>ഐ സി ടി ഉപകരണങ്ങൾ | ഹിന്ദി ടീച്ചർ |

| | | | | |
|---|---|---|---|---|
| ആശയങ്ങൾ തെറ്റുകുടാതെ പ്രകടിപ്പിക്കുവാനും സർഗ്ഗാത്മക രചനകൾ വികസിപ്പിക്കുവാനുമുള്ള അവസരം<br><br>ഗുരീലി ഹിന്ദി പ്രവർത്തനങ്ങൾ | • ഹിന്ദി അസംബ്ലി ആഴ്ചയിൽ ഒരു ദിവസം<br>• എല്ലാ ദിവസവും അസംബ്ലിയിൽ ഹിന്ദി ന്യൂസ് കുട്ടികൾ വായിക്കുന്നു.<br>• അധിക വായനക്കുള്ള അവസരങ്ങൾ<br>• ദിനാചരണങ്ങൾ<br>• ഹിന്ദി ക്ലാബ്ബ് പ്രവർത്തനങ്ങൾ<br>• ചിത്രകഥ തയ്യാറാക്കൽ കഥാ-കവിത തുടങ്ങി സർഗ്ഗാത്മകതാ പ്രവർത്തനങ്ങൾ | നവംബർ - ഫെബ്രവരി | പുസ്തകങ്ങൾ<br><br>ഐ സി ടി | പി ടി എ<br>ബി<br>ആർ സി<br><br>ടീച്ചേർസ് |
| ദിവസവും മൂന്നു വാക്കുകൾ പരിചയപ്പെടുന്നു. | ബ്ലാക്ക് ബോർഡിൽ ദിവസവും മൂന്നു പുതിയ വാക്കുകൾ വീതം എഴുതുന്നു. | വർഷം മുഴുവൻ | | |

| ക്രമനമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്ക് |
|---|---|---|---|---|---|---|
| 1 | | ഫസ്റ്റ് ഏയ്ഡ് കിറ്റ് | ജൂൺ മുതൽ | സയൻസ് അധ്യാപകർ | പി എച്ച് സി | |
| 2 | | സയൻസ് ലാബ് വികസിപ്പിക്കൽ | ജൂൺ (രണ്ട് ആഴ്ച) | സയൻസ് അധ്യാപകർ എച്ച് എച്ച് | പഞ്ചായത്ത് | |
| 3 | പാഠ്യപദ്ധതി വിനിമയം | സയൻസ് ക്ലബ്ബ് പ്രവർത്തനങ്ങൾ | ജൂൺ മാസം ആരംഭിക്കുന്നു. | സയൻസ് അധ്യാപകർ | പഞ്ചായത്ത് | |
| 4 | | ശാസ്ത്ര പ്രോജക്ട് | ആഗസ്റ്റ് (ഒരു മാസം) | ശാസ്ത്ര അധ്യാപകർ, എസ് ആർ ജി കൺവീനർ | എസ് ആർ ജി | |
| 5 | പഠനാന്തരീക്ഷം | ശാസ്ത്ര സെമിനാർ | ഒക്ടോബർ (ഒരു ആഴ്ച) | സയൻസ് അധ്യാപകർ, എസ് ആർ ജി കൺവീനർ | - | |
| 6 | | പരീക്ഷണങ്ങൾ | നവംബർ ( രണ്ട് ആഴ്ച) | സയൻസ് അധ്യാപകർ | - | |
| 7 | സാമൂഹിക ഇടപെടലുകൾ | പോഷകാഹാരത്തെക്കുറിച്ചുള്ള അവബോധ ക്ലാസ്സ് ( പി എച്ച് സി) | ജനുവരി | സയൻസ് അദ്ധ്യാപകർ എസ് ആർ ജി, എച്ച് എച്ച് | | |

## മേഖല - അക്കാദമികം- സാമൂഹ്യശാസ്ത്രം

### ഉദ്ദേശ്യം- സാമൂഹ്യശാസ്ത്ര ബോധം വളർത്തുക, സമൂഹജീവിയായി വളർത്തിയെടുക്കുക

| പ്രവർത്തനം | പ്രവർത്തന രീതി | കാലയളവ് | ചുമതല |
|---|---|---|---|
| സാമൂഹ്യ ശാസ്ത്ര ലാബ് | ഓരോ കുട്ടിക്കും മാപ്പ, അറ്റ്ലസ്, ഗ്ലോബ് എന്നിവ ലഭ്യമാക്കുക | ഒരു വർഷം | എസ് എസ് എ പഞ്ചായത്ത് |
| സാമൂഹ്യ ശാസ്ത്ര ബോർഡ് | • ഓരോ ക്ലസിലും സാമൂഹ്യശാസ്ത്രവാർത്താ ബോർഡ് സ്ഥാപിക്കുക.<br>• ദൈനംദിന വാർത്തകൾ എഴുതുക | വർഷം മുഴുവനും | അദ്ധ്യാപകർ |
| ഐ സി ടി | • സാമൂഹ്യശാസ്ത്ര പഠനത്തിൽ വിവര സാങ്കേതിക വിദ്യ പരമാവധി പ്രയോജനപ്പെടുത്താൻ മൾട്ടിമീഡിയ ക്ലാസ് റൂം ഒരുക്കുക. | ഒരു വർഷം | എസ് എസ് എ പഞ്ചായത്ത് |
| ശിൽപ്പശാലകൾ | • പഠനോപകരണ നിർമ്മാണ പരിശീലനങ്ങൾ<br>• മാതൃകകൾ നിർമ്മിൽ<br>• വിദഗ്ധരുടെ ക്ലാസ്സുകൾ | മൂന്നു മാസത്തിൽ ഒരിക്കൽ | എച്ച് എം, എസ് എം സി ക്ലബ്ബ് ഭാരവാഹികൾ, അദ്ധ്യാപകർ |

| | | | |
|---|---|---|---|
| ദിനാചരണങ്ങൾ | സാമൂഹ്യ പ്രാധ്യമുളള ദിനാചരണങ്ങൾ ആഘോഷിക്കൽ | ഒരു വർഷം | അദ്ധ്യാപകർ |
| ക്വിസ്സ് മത്സരങ്ങൾ | സാമൂഹ്യ ശാസ്ത്ര ക്വിസ്സ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു. | ഒരു വർഷം | അദ്ധ്യാപകർ |
| പ്രസംഗം | സ്വാതന്ത്ര്യദിനം, ഗാന്ധിജയന്തി, റിപ്പബ്ലിക്ക് ദിനം, ശിശുദിനം, ഭരണഘടനാദിനം | പ്രധാന ദിനം | അദ്ധ്യാപകർ |

# വിഷയം - ഗണിതം

## ആമുഖം

ഗണിതവുമായി ബന്ധപ്പെട്ട അടിസ്ഥാന ശേഷികൾ നേടാത്ത കുട്ടികൾ സാധാരണയായി ഓരോ ക്ലാസിലും കണ്ടുവരാറുണ്ട്. കോവിഡ് മഹാമാരിയുടെ കാലത്ത് ഇത്തരത്തിലുള്ള കുട്ടികൾക്ക് ക്ലാസ് റൂമുകളിൽ നിന്നും കിട്ടുന്ന ശ്രദ്ധ കുറഞ്ഞിട്ടുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള കർമ്മ പദ്ധതിയാണ് ഇവിടെ അവതരിപ്പിക്കുന്നത്.

## ലക്ഷ്യം

ചതുഷ് ക്രിയകളിലെ പ്രയാസമേറിയ മേഖലയായ വ്യവകലനത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുക.

| Sl. No | Name of Activity | Duration | Duty Assigned | Monitoring Agency |
|---|---|---|---|---|
| 1 | വർക്ക് ഷീറ്റ് നിർമ്മാണം (ടാർജറ്റ് ഗ്രൂപ്പിനെ കണ്ടെത്തുന്നു) | ജൂൺ - 2 ാം വാരം | ഗണിത അധ്യാപകർ | SRG convenor H M |
| 2 | ഗണിത വിജയം കിറ്റുകൾ ഉപയോഗിച്ചുള്ള കളികൾ | ജൂൺ - ജൂലായ് | ഗണിത അധ്യാപകർ സഹപഠിതാക്കൾ | SRG convenor H M |
| 3 | ടി എൻ എം - നിർമ്മാണം (ടെൻ ഫ്രെയിം) | ജൂൺ - ജൂലായ് | ഗണിത അധ്യാപകർ | H M |
| 4 | വർക്ക് ഷീറ്റുകൾ (പുരോഗതി ബോധ്യപ്പെടുത്തുന്നതിന്.) | ജൂലായ് അവസാനം | ഗണിത അധ്യാപകർ | SRG convenor H M |
| 5P | ഗണിത നിഘണ്ടു. | ജൂൺ മുതൽ | ഗണിത അധ്യാപകർ | SRG convenor H M |

# ഉപസംഹാരം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാനാശ്യമായ ശേഷികളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ടു നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്ന വിദ്യാഭ്യാസ ലക്ഷ്യം സാക്ഷാത്ക്കരിക്കപ്പെടാനുതകുന്ന തരത്തിലുള്ള ലക്ഷ്യങ്ങളും കാഴ്ചപ്പാടുകളും ഉൾച്ചേർത്തുകൊണ്ടാണ് എൽ പി യൂ പി വിഭാഗം മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിരിക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ വിദ്യാർത്ഥികൾക്കും പ്രാപ്യമാവുന്ന തരത്തിലുള്ള പദ്ധതികളുമട ആവിഷ്ക്കാരമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ.